കളിൽ എത്താൻ കഴിയാത്തവർ, അച്ഛനമ്മമാരെ ജോലികളിൽ സഹായിക്കുന്നതുകൊണ്ട് പഠനം തുടരാൻ കഴിയാത്തവർ എന്നിങ്ങനെ വ്യത്യസ്ത വിഭാഗക്കാരാണ് ബദൽ വിദ്യാലയങ്ങളിൽ പഠിക്കുന്നത്. മുഖ്യധാരാവിദ്യാഭ്യാസത്തിലേക്ക് ഈ പഠിതാക്കളെ എത്തിക്കുന്നതിന് പരിശീലനം നേടിയ വിദ്യാഭ്യാസ സന്നദ്ധപ്രവർത്തകർ പ്രവർത്തിച്ചുവരുന്നു. ഒന്നു മുതൽ നാലു വരെ ഗ്രേഡുകളിലെ കുട്ടികൾ ഒരേ ക്ലാസിലിരുന്ന് ഒരദ്ധ്യാപകന്റെ നേതൃത്വത്തിൽ പഠനം നടത്തുന്നുവെന്നതാണ് മൾട്ടിഗ്രേഡ് ലേണിംഗ് സെന്ററുകളുടെ പ്രത്യേകത. ഇവിടെയുള്ള പഠനം ഫലപ്രദമായി പൂർത്തിയാക്കുന്ന പഠിതാക്കളെ പൊതു വിദ്യാലയത്തിലെത്തിക്കുന്നു.

ഏകാദ്ധ്യാപകവിദ്യാലയങ്ങളുടെ ഭാവി അനിശ്ചിതത്വത്തിലായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സെന്ററുകളുടെ പ്രവർത്തനത്തിന് എസ്.എസ്.എ. യുടെ 2010-11 വാർഷിക പദ്ധതിയിൽ കേന്ദ്രസർക്കാർ തുക വകയിരുത്തിയിരുന്നില്ല. എന്നാൽ ബദൽ വിദ്യാലയങ്ങളിലെ വിദ്യാഭ്യാസ പ്രവർത്തകർക്ക് 2010-11 അദ്ധ്യയന വർഷാവസാനംവരെ പ്രതിഫലം നൽകുന്നതിനുള്ള നടപടി സംസ്ഥാനം സ്വീകരിച്ചിട്ടുണ്ട്. തത്ഫലമായി ഏകാദ്ധ്യാപകവിദ്യാലയങ്ങൾ എല്ലാം മുടങ്ങാതെ പ്രവർത്തിക്കുന്നുണ്ട്.

വിദ്യാഭ്യാസ അവകാശനിയമം പ്രാബല്യത്തിൽ വന്ന സാഹചര്യത്തിൽ ഇത്തരം കേന്ദ്രങ്ങളെ സാധാരണ വിദ്യാലയങ്ങളാക്കി മാറ്റേണ്ടതുണ്ട്. വിദ്യാഭ്യാസ അവകാശനിയമപ്രകാരം അയൽപക്കത്ത് സ്കൂളുകൾ സ്ഥാപിക്കുവാൻ 3 വർഷം വരെ സാവകാശം നൽകുന്നുണ്ട്. ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ കുട്ടികളെ മുഖ്യധാര വിദ്യാഭ്യാസത്തിലേക്ക് കൊണ്ടുവരാൻ ആവശ്യമായ സമയം അനുവദിക്കണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അതുവരേക്കും ഈ കേന്ദ്രങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ മുടങ്ങാതിരിക്കുവാനായി 2011-12-ലെ എസ്.എസ്.എ.-യുടെ വാർഷിക പദ്ധതിയിൽ പുതിയ സ്കൂളുകൾ, റസിഡൻഷ്യൽ സ്കൂളുകൾ, പ്രത്യേക പരിശീലന കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

വനഭൂമി കയ്യേറ്റങ്ങൾ

18 (*258) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കിയിൽ കെ.ഡി.എച്ച്. വില്ലേജിൽപ്പെട്ട എത്ര ഏക്കർ സ്ഥലം വനഭൂമിയായി നൽകണമെന്നാണ് ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയ കേന്ദ്രസംഘം സംസ്ഥാന സർക്കാരിനെ അറിയിച്ചത് ;

(ബി) ഇവിടെ ഇതുവരെ ആകെ എത്ര കയ്യേറ്റങ്ങൾ നടന്നതായാണ് കണ്ടെത്തിയിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് ഭൂമി വനം വകുപ്പിന് കൈമാറുന്നതിനായി സർക്കാർ ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ?

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) :

(എ) ഇടുക്കി ജില്ലയിൽ കെ.ഡി.എച്ച്. വില്ലേജിൽപ്പെട്ട 17349.9 ഏക്കർ സ്ഥലം വനഭൂമിയായി നോട്ടിഫൈ ചെയ്യണമെന്നാണ് ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയ കേന്ദ്രസംഘം സംസ്ഥാന സർക്കാരിനെ അറിയിച്ചത്.

(ബി) ഇവിടെ ഇതുവരെ കയ്യേറ്റങ്ങളൊന്നും നടത്തിയിട്ടുള്ളതായി കണ്ടെത്തിയിട്ടില്ല.

(സി) 'ബി' ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

റവന്യൂ ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനം

19 (*259) ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിലെ അഴിമതി കണ്ടെത്താനും കുറ്റക്കാർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിനും റവന്യൂ ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) റവന്യൂ ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഈ സംവിധാനത്തിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നത് ;

(സി) റവന്യൂ ഇന്റലിജൻസ് സംവിധാനം നടപ്പിലാക്കിയശേഷം വകുപ്പു തലത്തിലെ എത്ര കേസ്സുകൾ കണ്ടെത്തിയിട്ടുണ്ട് ;

(ഡി) ഇന്റലിജൻസ് വിഭാഗം കണ്ടെത്തിയ എത്ര കേസ്സുകൾ ഇപ്പോഴും കോടതി നടപടികൾ പൂർത്തിയാക്കാനായിട്ടുണ്ട് എന്ന് വിശദീകരിക്കുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) :

(എ) റവന്യൂ വകുപ്പിന് റവന്യൂ ഇന്റലിജൻസ് എന്നൊരു സംവിധാനം നിലവിലില്ല. എന്നാൽ റവന്യൂ വകുപ്പിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും അഴിമതി തടയുന്നതിനുമായി റവന്യൂ വിജിലൻസ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്.

(ബി) റവന്യൂ വിജിലൻസ് വിഭാഗം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നോർത്ത്, സൗത്ത് വിജിലൻസ് മേഖലകൾക്കു പുറമെ എറണാകുളം ആസ്ഥാനമായി മദ്ധ്യമേഖല വിജിലൻസ് ഓഫീസ് പുതുതായി രൂപീകരിച്ചതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly